കേസുകളിൽ നിർമ്മാതാക്കൾക്ക് താക്കീതും നൽകിയിട്ടുണ്ട്. മറ്റു കേസുകളിൽ അന്വേഷണം പുരോഗമിച്ചുവരുന്നു. അന്യ സംസ്ഥാനത്തു നിർമ്മിക്കപ്പെട്ട മരുന്നുകളിൽ ഒന്ന് വ്യാജമെന്നു കണ്ടെത്തി ആ മരുന്നു നിർമ്മാതാവിനെതിരെ പ്രോസിക്യൂഷൻ നടപടിക്ക് ഉത്തരവ് നൽകുകയും മറ്റു മരുന്നുകളെ സംബന്ധിച്ച വിവരങ്ങൾ അതാത് സംസ്ഥാന ഡ്രഗ്സ് കൺട്രോളറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തിയ എല്ലാ കേസുകളിലും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സ്വകാര്യ ആശുപത്രികളിൽ ചികിൽസയ്ക്കായി എത്തുന്ന രോഗികളിൽനിന്നും അമിതമായ ഫീസ് ഈടാക്കുന്നതിനെതിരെ നടപടി

96 [1275] ശ്രീ. തച്ചടി പ്രഭാകരൻ:

ശ്രീമതി ശോഭനാ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ആശുപത്രികളിൽ ചികിൽസയ്ക്കായി എത്തുന്ന രോഗികളിൽനിന്നും അമിതമായ ഫീസ് ഈടാക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ആശുപത്രികൾ ഈടാക്കുന്ന ഫീസ് ഏകീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) സ്വകാര്യ ആശുപത്രികളിൽ ജോലി നോക്കുന്ന പലരും നിശ്ചിത യോഗ്യതയില്ലാത്തവരാണെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അത്തരം എത്ര കേസുകൾ നടപ്പുവർഷം ഇതുവരെ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനും അവയ്ക്കു രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനുംവേണ്ടി ഒരു നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ട്,

(സി, ഡി) ഇപ്പോൾ പരിഗണനയിൽ ഉള്ള നിയമം നടപ്പിലാക്കുന്നതോടുകൂടി ഇതിന് പരിഹാരമുണ്ടാകുന്നതാണ്.

ആരോഗ്യ പരിപാലത്തിന് സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തത്തോടെ പ്രത്യേക പദ്ധതി

97 [1276) ശ്രീ. ജോർജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദരിദ്രവിഭാഗങ്ങളുടെ ആരോഗ്യപരിപാലനത്തിന് സ്വകാര്യ ആശുപത്രികളുടെ പങ്കാളിത്തത്തോടെ എന്തെങ്കിലും പ്രത്യേക പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly